# Weekly Devotion - February 2019

## Active Presence of the Holy spirit

## ആത്മവിവശതയിലാകുക



മുൻ അമേരിക്കൻ സെനറ്ററായിരുന്ന സ്വീറ്റ്.W.മോറോ ന്യൂയോർക്കിൽ നിന്നും ട്രെയിനിൽ യാത്രതിരിച്ചു. വഴിമദ്ധ്യേ ടിക്കറ്റ് പരിശോധകൻ എത്തിയപ്പോൾ അദ്ദേഹം തന്റെ ടിക്കറ്റ് തിരഞ്ഞു, പക്ഷേ കണ്ടില്ല. എവിടെ വച്ചു എന്ന കാര്യം മറന്ന അദ്ദേഹ ത്തിന്റെ പരിഭ്രമം കണ്ട പരിശോധകൻ പറഞ്ഞു "സാർ നിങ്ങളെപ്പോലെയുള്ളവർ ടിക്കറ്റ് എടുക്കാതെ യാത്രചെയ്യുകയില്ല എന്ന് അറിയാം സാരമില്ല". ഉടനെ അദ്ദേഹം മറുപടി പറഞ്ഞത് എനിക്കാണ് ടിക്കറ്റ് കാണേണ്ട അത്യാവശ്യം കാരണം എവിടെ യാണ് ഇറങ്ങേണ്ടത് എന്ന് ടിക്കറ്റ് കണ്ടാലേ എനിക്കറിയുകയുള്ളൂ. ഇതുകേട്ടാൽ ചിരി വരുമായിരിക്കും. ഇന്ന് ക്രൈസ്തവർ എന്ന് അഭിമാനിക്കുന്ന പലരും ഈ വിധ ത്തിലുള്ള മറവിരോഗം ബാധിച്ചവരാണ്.

ഈ ജീവിതയാത്ര എവിടെയാണ് അവസാനിക്കുന്നതെന്നും അവിടെ എത്തേ ണ്ടവരുടെ യോഗ്യതകൾ എന്തെല്ലാമെന്നും വ്യക്തമാക്കുന്ന സത്യവചനം ഉണ്ടെന്നറിയാ വുന്ന പലരും അത് കാണാറില്ല. ചിലർ കണ്ടിട്ടുണ്ട്, ടിക്കറ്റ് പരിശോധകനെപ്പോലെ ആരെങ്കിലും ഭാരപ്പെടുത്തിയാലോ പ്രതികൂലങ്ങൾ എന്തെങ്കിലും വന്നെങ്കിൽ മാത്രമേ അത് ഉപയോഗിക്കൂ. പിന്നെ എവിടെ വച്ച് എന്ന് ചിന്തിക്കണമെങ്കിൽ അടുത്ത പ്രതികൂലം ഉണ്ടാകണം. ചിലർ വായിക്കും പക്ഷേ പൂർവ്വികർ വായിച്ചതുകൊണ്ട് ചെയ്യുന്നു എന്നു മാത്രം. ഇറങ്ങേണ്ട സ്ഥലത്തെപ്പറ്റി, തുടർന്നുള്ള ന്യായവിധിയെപ്പറ്റി ഒരു നിശ്ചയവും ഇല്ല. എന്നാൽ ദൈവവചനവുമായി നിരന്തരമായ ബന്ധം പുലർത്തു കയും ഓരോ സ്ഥലം കഴിയുമ്പോൾ അഥവാ ഓരോ വർഷം പിന്നിടുമ്പോൾ താൻ ഇറങ്ങേണ്ട സ്ഥലത്തെക്കുറിച്ച് ചിന്തിക്കുകയും അതിനായി തയ്യാറാകുകയും ചെയ്യു ന്നു. ഇവിടെ ശരിയായ വഴികാട്ടിയായി പരിശുദ്ധാത്മാവ് അവരുടെ കൂടെയുണ്ടാ കും. ഭംഗിയേറിയ ആ സ്ഥലത്ത് പരിശുദ്ധാത്മാവ് അവരെ എത്തിക്കുകയും ചെയ്യും.

പുതിയനിയമത്തിലെ ഏകപ്രവചനഗ്രന്ഥമായ വെളിപ്പാടുപുസ്തകത്തിന്റെ ഗ്രന്ഥകർത്താവായ യോഹന്നാനപ്പോസ്തോലന്റെ ജീവിതം ഉന്നത ആത്മീയ ജീവിതത്തെപ്പറ്റിയുള്ള യഥാർത്ഥ ചിത്രമാണ്. ദൈവവചനവും യഹോവയുടെ സാക്ഷ്യവും നിമിത്തം ഡൊമിഷ്യൻ ചക്രവർത്തി അദ്ദേഹത്തെ പത്മോസ് ദ്വീപിലേക്ക് നാടുകടത്തി. പ്രതികൂല സാഹചര്യത്തിലും തന്നെ കരുതിയ ദൈവത്തെ അദ്ദേഹം മുറുകെപിടിച്ചു. ആ പ്രതികൂലത്തിലും തന്റെ യജമാനനുവേണ്ടി പ്രയോജനമുള്ളവനാകുവാൻ അദ്ദേഹത്തിന് ഭാഗ്യം ലഭിച്ചു. ആത്മവിവശതയിലായ സന്ദർഭങ്ങളാണ് അതിന് സഹായിച്ചത്.

വെളി:(1:10) ൽ കർത്തൃദിവസത്തിൽ ആത്മാവിലായ യോഹന്നാനെ കാണുവാൻ കഴിയുന്നു. യഹൂദന്മാർ തള്ളിക്കളഞ്ഞ മനുഷ്യപുത്രനായ യേശു അവർ ഒരുക്കിയ മരണത്തെ ജയിച്ച് ഉയർത്തെഴുന്നേറ്റ ദിവസമാണ് ആഴ്ചവട്ടത്തിന്റെ ഒന്നാം ദിവസം Read സങ്കീ (118:20-24), യോഹ :(20:1,19) പത്മോസ് ദ്വീപിൽ ആരും ആരാധിപ്പാൻ കൂടെയില്ല, താളമേളങ്ങളില്ല, അനുകൂലഘടകങ്ങൾ ഒന്നും തന്നെ ഇല്ല, ചുറ്റും പ്രതികൂലവും ഏകാന്തതയും എന്നിട്ടും ആത്മാവിലാകുവാൻ അദ്ദേഹത്തിന് കഴിഞ്ഞു. തടസ്സങ്ങൾ മാത്രം നിറഞ്ഞ സാഹചര്യത്തിൽ യോഹന്നാനെപ്പോലെ ആത്മ വിവശതയിലാകുവാൻ നമുക്ക് കഴിയുമോ?

ആത്മവിവശതയിലായപ്പോഴാണ് കാഹളത്തിനൊത്ത ഒരു മഹാനാദം അദ്ദേഹം കേട്ടത് മാനസിക മണ്ഡലത്തിലുണ്ടാകുന്ന ചലനം നമ്മെയും ശബ്ദം കേൾക്കുവാൻ സഹായിക്കുന്നു. ആത്മനിറവിലായ യോഹന്നാനപ്പോസ്തോലൻ സപ്തമഹിമാ വിഭൂഷിതനായ ശബ്ദത്തിനുടമയെ കാണുകയും ചെയ്തു. Read (വെളി:1 :14-16)

ദൈവം തിരഞ്ഞെടുത്തവൻ ആത്മാവിലായി, ദൈവ ശബ്ദം കേൾക്കുക മാത്രമല്ല, ശബ്ദത്തിനുടമയെ കാണുകയും അദ്ദേഹം നൽകിയ നിർദ്ദേശം അനുസരിച്ച് പ്രവൃത്തിക്കുകയും ചെയ്തു. (വെളി 1:11).

സ്വർഗ്ഗത്തിൽ ഒരു വാതിൽ തുറന്നത് കാണുകയും ഇവിടെ കയറിവരിക എന്ന ശബ്ദം കേൾക്കുകയും ചെയ്തപ്പോഴാണ് രണ്ടാമത്തെ ആത്മവിവശത ഉണ്ടായത്.

Read (വെളി:4:1,2)

അതിന്റെ ഉദ്ദേശം മേലാൽ സംഭവിപ്പാനുള്ളത് കാട്ടിക്കൊടുക്കുവാനായിരുന്നു. ഭൗമീക മണ്ഡലത്തിൽ നിന്ന് സ്വർഗ്ഗീയ മണ്ഡലത്തിലേക്ക് എടുക്കപ്പെടുവാൻ ആത്മവിവശത ആവശ്യമായിരുന്നു. പരിശുദ്ധാത്മ നിറവുള്ളവൻ സ്വർഗ്ഗീയ കാഴ്ച കണ്ടു എന്നതിന്റെ തെളിവാണ് സ്വർഗ്ഗീയ സിംഹാസനസ്ഥന്റെ വർണ്ണന രേഖപ്പെടുത്തിയിരിക്കുന്നത്. സ്വർഗ്ഗീയ സിംഹാസനം സ്ഥിരമായതത്രെ.

Read സങ്കീ (45:6)

മൂന്നാമതായി ആത്മവിവശതയിലായത് എപ്പോഴെന്ന് വെളി :(21:10) ൽ കാണുന്നു. പുതിയ യെറുശലേം എന്ന നഗരം ദൈവസന്നിധിയിൽ നിന്ന് ഇറങ്ങിവരുന്നതു കാണുകയും, ദൈവം അവരോടു (തന്റെ ജനത്തോടു) കൂടെ വസിക്കുന്ന കൂടാരം എന്ന് കേൾക്കുകയും ചെയ്തു. ദൂതന്മാരിൽ ഒരുത്തൻ അതു കാണുവാൻ ക്ഷണിച്ച

ഷോൾ ആത്മവിവശതലായിത്തീരുകയും ഉയർന്നൊരു വന്മലയിൽ കൊണ്ടുപോയി അവർണ്ണനീയമായ ആ ദൃശ്യം കാട്ടുകയും ചെയ്തു.

Read വെളി : (21:1,2,11 -24)

ഈ വിശുദ്ധനഗരത്തിലേക്കുള്ള യാത്രക്കാരാണ് നാം ഒരോരുത്തരും. ആത്മനിറവുള്ളവരായി മണവാളനോടൊപ്പം പാർക്കുവാൻ ഉള്ള ഭാഗ്യം ലഭിഷാൻ സത്യവചനം പഠിക്കുക, ഒരുങ്ങുക. മണവാട്ടിയായി സ്വയം ഒരുങ്ങിയേ മതിയാകുകയുള്ളൂ. അതിനായി ആഗ്രഹിക്കുക, പരിശ്രമിക്കുക, കാലം തീരാറായി, കാന്തൽ വരുവാനുള്ള സമയം ഏറ്റവും ഏടുത്തു. ഒരുങ്ങുവാൻ ദൈവം നിങ്ങളെ സഹായിക്കട്ടെ.


Santhamma Varghese

*Website: www.biblestudy.co.in*
Email: biblestudy.co.in@gmail.com
Facebook: https://www.facebook.com/biblestudyind